പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2091 | 22.01.2014 ൽ മറുപടിക്ക്

## കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) സ്കൂൾ അധികൃതരുടെയും പി.ടി.എ. യുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടുകൂടി കുട്ടികൾക്ക് നേരെയുണ്ടാകാൻ സാധ്യതയുള്ള അതിക്രമങ്ങളെക്കുറിച്ചും ആയതിനുള്ള നിയമവശങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തിയും, പരാതികൾ യഥാസമയം അറിയിക്കുന്നതിന് സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചും, അലഞ്ഞുതിരിഞ്ഞുനടക്കുന്ന കുട്ടികളെ കണ്ടെത്തി സുരക്ഷിത താവളങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും സ്കൂളുകളിൽ 'സ്റ്റുഡന്റ് പോലീസ് കേഡറ്റ്' യൂണിറ്റുകൾ സ്ഥാപിച്ചും കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി ബോധവൽക്കരണത്തിലൂടെ പിന്തിരിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചും വരുന്നു. കൂടാതെ ചൈൽഡ് ഹെൽപ് ലൈൻ, വുമൺ ഹെൽപ് ഡസ്ക് എന്നിവയുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തിയും കുട്ടികൾക്കുള്ള സുരക്ഷിതത്വം ഉറപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ